## കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് – കുടുംബത്തിന്റെ ഏകവരുമാനദായകന്റെ വിയോഗം – ശ്രീമതി.വിന്ധ്യ.റ്റി.കെ, പൊയ്ന്താനം, ചരിവുപുരയിടം, മാടപ്പള്ളി.പി.ഒ, കോട്ടയം – ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ.ഉ(സാധാ)നം.777/2021/പജപവവിവ തിരുവനന്തപുരം, തീയതി. 06/09/2021

---

പരാമർശം:- 1) സ.ഉ.(കൈ)നം.85/18/പജപവവിവ തീയതി 22/11/2018.

2) കോട്ടയം, മാടപ്പള്ളി.പി.ഒ, ചരിവുപുരയിടം, പൊയ്ന്താനം ശ്രീമതി.വിന്ധ്യ.റ്റി.കെ സമർപ്പിച്ച നിവേദനം.

3) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 01.06.2021 –ലെ ഡെവ.ബി1-12686/2020 നമ്പർ കത്ത്.

### ഉത്തരവ്

കോട്ടയം, മാടപ്പള്ളി.പി.ഒ, ചരിവുപുരയിടം, പൊയ്ന്താനം ശ്രീമതി. വിന്ധ്യ.റ്റി.കെയുടെ ഭർത്താവ് പ്രകാശ്.പി.ജി 05.12.2019-ൽ മരണപ്പെട്ടുവെന്നും ധനസഹായം അനുവദിക്കണമെന്നും പരാമർശം (2) ലെ നിവേദനത്തിൽ ശ്രീമതി. വിന്ധ്യ.റ്റി.കെ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത അപേക്ഷ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്ത് പരാമർശം (3) പ്രകാരം സർക്കാരിലേക്ക് അയച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബത്തിന്റെ ഏകവരുമാനദായകനായിരുന്ന ഭർത്താവിന്റെ മരണത്തെത്തുടർന്ന് നിരാലംബയായ ശ്രീമതി. വിന്ധ്യ.റ്റി.കെ.യ്ക്ക് (പൊയ്ന്താനം, ചരിവുപുരയിടം, മാടപ്പള്ളി.പി.ഒ, കോട്ടയം) 2,00,000/-രൂപ (രണ്ട് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇതിലേയ്ക്ക് ആവശ്യമായ തുക '2225-01-282-96 ആരോഗ്യ സുരക്ഷാ പദ്ധതി" എന്ന ശീർഷകത്തിൽനിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ബിജുകുമാർ.ബി.റ്റി
അണ്ടർ സെക്രട്ടറി

ശ്രീമതി. വിന്ധ്യ.റ്റി.കെ, പൊയ്ന്താനം, ചരിവുപുരയിടം, മാടപ്പള്ളി.പി.ഒ, കോട്ടയം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.(അപേക്ഷയും അനുബന്ധരേഖകളും സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.
ജില്ലാ പട്ടികജാതി വികസന ഓഫീസർ, കോട്ടയം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Shm
സെക്ഷൻ ഓഫീസർ